(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഇ) എത്രയും വേഗത്തിൽ ടെൻഡർ വിളിക്കാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ, ബി) 30.50 ലക്ഷം രൂപയ്ക്ക് കോടഞ്ചേരി ഗവൺമെൻറ് കോളേജിന് ഒരു കെട്ടിടം പണിയാനുള്ള ഭരണാനുമതി 23-3-1983-ൽ സർക്കാർ നൽകിയിട്ടുണ്ട്. പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. പരിശോധനയ്ക്കുശേഷം ആവശ്യമായ സാങ്കേതികാനുമതി നൽകുന്നതാണ്.

(സി) ഇല്ല.

(ഡി) പുതിയ നിർമ്മാണ ജോലികളും ഏറ്റെടുക്കുന്നതിന് ഗവൺമെൻറ് ചില നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഇക്കൊല്ലത്തെ ബഡ്ജറ്റിൽ 5 ലക്ഷം രൂപ ഈ പണിക്കായി വകകൊള്ളിച്ചിട്ടുണ്ട്. ഈ വർഷംതന്നെ പണി ഏറ്റെടുത്തു നടത്താൻ ആവശ്യമായ പ്രത്യേകാനുമതി നൽകുന്ന കാര്യം ഗവൺമെൻറ് പരിഗണിച്ചുവരുന്നു.

(ഇ) പ്രത്യേകാനുമതിയുടെ കാര്യത്തിൽ തീരുമാനമായാലുടൻ ടെണ്ടർ വിളിക്കാൻ വേണ്ട നടപടികളും സ്വീകരിക്കുന്നതാണ്.

അദ്ധ്യാപകർക്കുള്ള ഭവന നിർമ്മാണ പദ്ധതി

555. [759] ശ്രീ. ലോനപ്പൻ നമ്പാടൻ :

,, എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) അദ്ധ്യാപകർക്കുള്ള ഭവന നിർമ്മാണ പദ്ധതി എന്നാണ് തുടങ്ങിയത് ;

(ബി) ഈ പദ്ധതി തുടങ്ങിയതു മുതൽ 30-8-1986 വരെ വായ്പക്ക് വേണ്ടി എത്ര അപേക്ഷകളാ ലഭിച്ചു ;

(സി) എത്രപേർക്ക് ലോൺ നൽകി ;

(ഡി) ബാക്കിയുള്ളവർക്ക് എന്ന് ലോൺ നൽകും ;

(ഇ) ലോൺ ഉപയോഗിച്ച് എത്ര വീടുകളാ നിർമ്മിച്ചു ; എവിടെയെല്ലാം ;

(എഫ്) ഈ പദ്ധതിയുടെ നടത്തിപ്പിനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണു നിയമിച്ചത് ;

(ജി) ആരെയാണ് നിയമിച്ചത് ;

(എച്ച്) ഇദ്ദേഹം റിട്ടയർ ചെയ്ത ആളാണോ ;

(ഐ) ഈ പദ്ധതി ഫലപ്രദമായി പ്രവർത്തിക്കാൻ എന്തെല്ലാം പുതിയ നടപടികളും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു ;

(ജെ) സഹകരണാടിസ്ഥാനത്തിൽ തുടങ്ങിയ ഈ പദ്ധതി കോർപ്പറേഷനായി മാറ്റാനുണ്ടായ കാരണങ്ങളും എന്തെല്ലാമാണ് ?

ഉത്തരം

(എ) 1981 മാർച്ച് മാസത്തിൽ.

(ബി) 333 അപേക്ഷകളാ ലഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി) മൊത്തം 84 പേർക്ക് ലോൺ നൽകി.

(ഡി) ബാക്കിയുള്ളവർക്കു ലോൺ കൊടുക്കുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചു വരുന്നു.

(ഇ) 84 വീടുകളുടെ പണി നടന്നുവരുകയാണ്.

നെയ്യാറ്റിൻകര — 58

തൃശ്ശൂർ — 26

(എഫ്) ഒരു പബ്ലിക്ക് റിലേഷൻ ആഫീസറെ നിയമിച്ചിട്ടുണ്ട്. 1-1-1986 മുതൽ ഒരു വർഷത്തേക്കാണ് നിയമനം.

(ജി) ശ്രീ. ജി. തങ്കപ്പൻ നായരെയാണ് നിയമിച്ചത്.

(എച്ച്) അതേ.

(ഐ) ഈ പദ്ധതിയെക്കുറിച്ച് പ്രചരണം നടത്തി കൂടുതൽ ആളുകളെ ആകർഷിക്കുവാൻ നടപടി എടുത്തുവരുന്നു. കൂടാതെ ലോൺ തുക 28,900 രൂപയിൽ നിന്നും 60,000 രൂപയായി ഉയർത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ജെ) 1981-ൽ സ്ഥാപിതമായ സൊസൈറ്റിക്ക് ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് ആവശ്യമായ പണം സ്വരൂപിക്കാൻ സാധിക്കാതെ വന്നു എന്നാൽ ഹഡ്കോയുമായി നടത്തിയ ചർച്ചകളുടെ ഫലമായി ഈ സൊസൈറ്റി ഒരു കോർപ്പറേഷനാക്കി മാറ്റിയാൽ ധനസഹായം നൽകാമെന്ന് ഹഡ്കോ നിർദ്ദേശിക്കുകയുണ്ടായി. ഈ കാരണങ്ങളാലാണ് സൊസൈറ്റി കോർപ്പറേഷനാക്കി മാറ്റുവാൻ ഇടയായത്.

ബാലവാടി അദ്ധ്യാപികമാരുടെ ശമ്പള കുടിശ്ശിക

556. [760] ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗൻവാടി വർക്കർമാരായി നിയമിച്ച മുൻ ബാലവാടി അദ്ധ്യാപികമാർക്ക് ശമ്പള കുടിശ്ശിക കിട്ടിയിട്ടില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്രകാരം കുടിശ്ശിക വരാൻ കാരണമെന്താണെന്ന് പറയാമോ ;

(സി) രണ്ടു മാസത്തെ പരിശീലനം ഉണ്ടായിരിക്കണം എന്ന നിബന്ധനയും എട്ടാം ക്ലാസ് പാസായിരിക്കണമെന്ന നിബന്ധനയും പത്തും പന്ത്രണ്ടും വർഷം സേവനം ചെയ്തവരുടെ കാര്യത്തിൽ ഇളവു വരുത്താൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അംഗൻവാടി വർക്കർമാരായി നിയമിക്കപ്പെട്ട ബാലവാടി അദ്ധ്യാപികമാരുടെ ലിസ്റ്റ് ജില്ലാകളക്ടർ ചെയർമാനായുള്ള സെലക്ഷൻ കമ്മിറ്റി അംഗീകരിക്കുന്നതിന് അൽപ്പം കാലതാമസം വന്നതാണ് കുടിശ്ശിക വരാൻ കാരണം. എന്നാൽ കുടിശ്ശിക പിന്നീട് കൊടുത്തു തീർത്തിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly